**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീ. പി.രാധാകൃഷ്ണനെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.31/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 09/03/2018**

---

പരാമർശം : 1. 25.11.2005 ലെ സ.ഉ(പി)നം. 501/2005/ധന ഉത്തരവ്.

2. ശ്രീ.രാധാകൃഷ്ണൻ. പി യുടെ 11.6.2014 ലെ അപേക്ഷ.

3. സർക്കുലർ നം.19/2016/ധന തിയതി 05/03/2016

4. പഞ്ചായത്ത് ഡയറക്ടറുടെ 08.12.2014.20.04.2015.23.01.2018 തീയതികളിലെ ഇ 9-21810/2013 നമ്പർ കത്തുകൾ

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമ പഞ്ചായത്തിൽ 1993 മുതൽ ദിവസവേതന വ്യവസ്ഥയിൽ ഓഫീസ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.പി. രാധാകൃഷ്ണനെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിയമനം ക്രമവൽക്കരിക്കുന്നതിനായി പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള പ്രൊപ്പോസലും പരാമർശം (2) ലെ അപേക്ഷയും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

ഏറാമല ഗ്രാമ പഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏര്യ 474.50 സ്ക്വയർ മീറ്റർ ഉള്ളതിനാൽ ശ്രീ. പി. രാധാകൃഷ്ണനെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ധനസ്ഥിതി സ്റ്റേറ്റ്മെന്റ്, തസ്തിക വിവരണ പത്രിക, നിശ്ചിത മാതൃകയിലുള്ള അപേക്ഷ, PWD അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റ്, ഏര്യ കാൽക്കുലേഷൻഷീറ്റ്, ലൈൻ സ്കെച്ച്, പ്ലാൻ, നിശ്ചിത മാതൃകയിലുള്ള അപേക്ഷ എന്നിവയടങ്ങിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ ഏറാമല ഗ്രാമ പഞ്ചായത്താഫീസ് 8 വർഷമായി ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. പരാമർശം (3) ലെ സർക്കുലർ പ്രകാരം 05/03/2016 തീയതിക്ക് ശേഷം ഒരു കാരണവശാലും നിയമനം ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണിക്കുന്നതല്ല എന്ന് നിർദേശിച്ചിട്ടുണ്ട്. ശ്രീ. പി. രാധാകൃഷ്ണനെ ഏറാമല ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) ലെ 08.12.2014 ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിച്ച് പുതിയ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) ലെ 20.4.2015 ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കി. കൂടാതെ

പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും അതോടൊപ്പം ലഭ്യമാക്കി. ഏറാമല ഗ്രാമപഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) ലെ 23.01.2018 ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. ഏറാമല ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 474.50 സ്ക്വയർ മീറ്റർ ആണെന്ന് പൊതുമരാമത്ത് വകുപ്പ് അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാവുന്നതും ടി ഗ്രാമ പഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ഓഫീസ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.പി. രാധാകൃഷ്ണനെ ടി തസ്തികയിൽ സ്ഥിരപ്പെടുത്താവുന്നതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഗ്രാമ പഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ഓഫീസ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ. പി.രാധാകൃഷ്ണനെ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.
സെക്രട്ടറി, ഏറാമല ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് ജില്ല
ശ്രീ.രാധാകൃഷ്ണൻ. പി, പാർട്ട് ടൈം സ്വീപ്പർ, ഏറാമല ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് ജില്ല
(സെക്രട്ടറി, ഏറാമല ഗ്രാമ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/300/2016/Fin. തീയതി 30.03.2017 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/265/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ